"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് - പത്രപ്രവർത്തകേതര പെൻഷൻ പദ്ധതി - പെൻഷൻ ഉപസമിതി പുന:സംഘടിപ്പിച്ച് ഉത്തരവാകുന്നു.

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.118/2024/I&PRD തിരുവനന്തപുരം, തീയതി,02-11-2024

പരാമർശം:- 1. സ.ഉ. (പി) നം. 2/2000/പി.ആർ. തീയതി 04.02.2000.

2. സ.ഉ (സാധാ) നം. 37/2021/ഐ&പി.ആർ.ഡി തീയതി 20.02.2021.

3. സ.ഉ (സാധാ) നം. 74/2023/ഐ&പി.ആർ.ഡി തീയതി 25.07.2023.

**ഉത്തരവ്**

കേരളത്തിലെ പത്രസ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന പത്രപ്രവർത്തകേതര ജീവനക്കാർക്കായി ഒരു പെൻഷൻ പദ്ധതി പരാമർശം (1) പ്രകാരം നിലവിൽ വന്നിരുന്നു. പെൻഷൻ പദ്ധതിയുടെ നടത്തിപ്പിനായി ഒരു മാനേജിംഗ് കമ്മിറ്റിയും പത്രപ്രവർത്തേകതര പെൻഷൻ പദ്ധതി പ്രകാരം സമർപ്പിക്കുന്ന വിവിധ അപേക്ഷകൾ പരിശോധിച്ച് മാനേജിംഗ് കമ്മിറ്റിക്ക് ശിപാർശ നൽകുന്നതിനും ഭരണസമിതിയുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും വേണ്ടി ഒരു ഉപസമിതിയും രൂപീകരിച്ചിരുന്നു. മാനേജിംഗ് കമ്മിറ്റിയുടെ കാലാവധി പൂർത്തിയായതിനെ തുടർന്ന് പരാമർശം (3) പ്രകാരം മാനേജിംഗ് കമ്മിറ്റി പുന: സംഘടിപ്പിച്ചിട്ടുണ്ട്. പരാമർശം (2) പ്രകാരം രൂപീകരിച്ച ഉപസമിതിയുടെ കാലാവധി 19/02/2024-ൽ സമാപിച്ചു.

2. മേൽ സാഹചര്യത്തിൽ, പത്രപ്രവർത്തകേതര പെൻഷൻ പദ്ധതി പ്രകാരം സമർപ്പിക്കപ്പെടുന്ന വിവിധ വിഷയങ്ങൾ പരിശോധിച്ച് മാനേജിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് നൽകുന്നതിനും മാനേജിംഗ് കമ്മിറ്റിയുടെ പ്രവർത്തനം സുഗമമാക്കുന്നതിനും വേണ്ടി ചുവടെപ്പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഉപസമിതി പുന:സംഘടിപ്പിച്ച് ഉത്തരവാകുന്നു.

| | |
|---|---|
| ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ | അദ്ധ്യക്ഷൻ |

**സർക്കാർ പ്രതിനിധികൾ**

| | | |
|---|---|---|
| 1 | സെക്രട്ടറി,ധനകാര്യ വകുപ്പ് (അല്ലെങ്കിൽ പ്രതിനിധി) | അംഗം |
| 2 | സെക്രട്ടറി, തൊഴിൽ വകുപ്പ് (അല്ലെങ്കിൽ പ്രതിനിധി) | അംഗം |
| 3 | സെക്രട്ടറി,വിവരപൊതുജന സമ്പർക്ക വകുപ്പ്. (അല്ലെങ്കിൽ പ്രതിനിധി) | അംഗം |

**പത്രപ്രവർത്തകേതര സംഘടനാ പ്രതിനിധികൾ**

| | | |
|---|---|---|
| 1 | ജനറൽ സെക്രട്ടറി, ആൾ ഇന്ത്യാ ന്യൂസ് പേപ്പർ എംപ്ലോയീസ് ഫെഡറേഷൻ | അംഗം |
| 2 | ജനറൽ സെക്രട്ടറി,കേരള ന്യൂസ് പേപ്പർ എംപ്ലോയീസ് ഫെഡറേഷൻ | അംഗം |

3. ഉപസമിതിയുടെ കാലാവധി 3 വർഷമായിരിക്കും. ഉപസമിതി അംഗങ്ങൾക്ക് 'എ' ക്ലാസ്സ് വിഭാഗത്തിനു തുല്യമായ ടി എ/ഡി എ-ക്ക് അർഹതയുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ് ഹരികിഷോർ ഐ എ എസ്
സെക്രട്ടറി

ഭരണസമിതി അംഗങ്ങൾക്ക്
സെക്രട്ടറി, ധനകാര്യ വകുപ്പ്
സെക്രട്ടറി, തൊഴിൽ വകുപ്പ്
ജോയിന്റ് സെക്രട്ടറി, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും/ ജില്ലാ ഇൻഫർമേഷൻ ഓഫീസർമാർക്കും
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sreelekha G
Date: 01-11-2024 16:48:52
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് സെക്രട്ടറിയുടെ സി.എ

ഡയറക്ടറുടെ സി.എ

ഡെപ്യൂട്ടി ഡയറക്ടർ (പെൻഷൻ).

അക്കൗണ്ട്സ് ഓഫീസർ,ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

ഇൻഫർമേഷൻ ഓഫീസർ(പ്രസ് റിലീസ്)

ഇൻഫർമേഷൻ ഓഫീസർ(വെബ് & ന്യൂ മീഡിയ)

| | |
|---|---|
| ശ്രീ പള്ളുരുത്തി സുബൈർ | അപേക്ഷ ഉപസമിതിയിൽ അവതരിപ്പിച്ചതിന് ശേഷം തുടർ നടപടി കൈകൊള്ളാവുന്നതാണ്. |
| ശ്രീ സെബാസ്റ്റ്യൻ ജോസഫ്<br><br>(മലയാള മനോരമ) | അപേക്ഷ ഉപസമിതിയിൽ അവതരിപ്പിച്ചതിന് ശേഷം തുടർ നടപടി കൈകൊള്ളാവുന്നതാണ്. |

**ഉപസമിതി നിരസിക്കാൻ ശിപാർശ ചെയ്തതും, തുടർനടപടി സ്വീകരിക്കുന്നതിനുമായി ശിപാർശ ചെയ്ത അപേക്ഷകൾ**

പെൻഷൻ മാനേജിംഗ് കമ്മിറ്റിയുടെ തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

| | ഫയൽ നമ്പർ | പേരും മേൽവിലാസവും | തീരുമാനം |
|---|---|---|---|
| 1 | എച്ച്1/70/2020-ഐ&പിആർ | **ശ്രീ.പി.ചന്ദ്രമോഹനൻ നായർ**<br>കൃഷ്ണജ, ജേർണലിസ്റ്റ് നഗർ, വിദ്യാനഗർ<br>കാസർഗോഡ്- 671 123. | കരാർ വ്യവസ്ഥയിൽ പ്രവർത്തിക്കുന്നവർക്ക് പദ്ധതി പ്രകാരം പെൻഷൻ അനുവദിക്കാൻ വ്യവസ്ഥയില്ലാത്തതിനാൽ **ശ്രീ പി ചന്ദ്രമോഹൻ നായരുടെ** അപേക്ഷ നിരസിക്കുവാനും അദ്ദേഹം ഒടുക്കിയ അംശാദായ തുക തിരികെ നൽകുവാനും തീരുമാനിച്ചു . |
| 2 | എച്ച്1/206/2019/ഐ&പിആർ | **ശ്രീ മോഹൻ ദാസ്**<br>പാറപ്പുറത്ത് വീട്<br>കിരലൂർ പി ഒ<br>തൃശ്ശൂർ . 680601. | പത്രപ്രവർത്തക പെൻഷൻ പദ്ധതിയിൽ അംഗത്വം ഇല്ലാത്തതിനാൽ അപേക്ഷ നിരസിക്കാൻ തീരുമാനിച്ചു |
| 3 | എച്ച്1/304/2020/ഐ&പിആർ | **ശ്രീ ജി ഷഹീദ്** | അപേക്ഷ പരിഗണിക്കുന്നതി-നായി പുതിയ തൊഴിൽ സർട്ടിഫിക്കറ്റും മറ്റ് അവശ്യമായ രേഖകളും ഹാജരാക്കുന്നതിന് ഒരവസരം കൂടി നൽകുവാൻ തീരുമാനിച്ചു |
| 4 | E No. 6520045 | **ശ്രീ പ്രസാദ് പി ജി**<br>ചെങ്കിലാത്ത് ഹൗസ്<br>നീരാവിൽ പെരിനാട്. പി ഒ,<br>കൊല്ലം | ഇന്ത്യ വിഷൻ ചാനൽ പൂട്ടിയതിന്റെ അടിസ്ഥാനത്തി<br><br>ൽ പെൻഷൻ അപേക്ഷ സമർപ്പിച്ച ഇവരോട്, നിലവിലെ വ്യവസ്ഥകൾ പ്രകാരം 58/60 വയസ്സാകുന്നതുവരെ പത്ര പ്രവർത്തകരായി ജോലിയിൽ തുടർന്ന് പ്രവർത്തിച്ചതിനു ശേഷം, പെൻഷൻ അപേക്ഷ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകുവാൻ തീരുമാനിച്ചു. |
| 5 | E No. 6520322 | **ശ്രീ സുരേഷ് കുമാർ എസ്,**<br>ലക്ഷ്മി വിലാസം<br>അവലൂക്കുന്ന് പി ഒ<br>ആലപ്പുഴ. | |
| 6 | E No. 6520125 | **ശ്രീ ബിജു റഹ്മാൻ പി എ**<br>സോപാനം | |

| | | | |
|---|---|---|---|
| | | പാന്ററിംഗ് റോഡ്<br>കരുവാപ്പടി, ആമ്പല്ലൂർ,<br>തൃശ്ശൂർ 680302 | |
| 7 | E No. 6520081 | **ശ്രീ സുധീവ് രാജ് കെ വി**<br>കൈതവളപ്പിൽ ,<br>വല്ലാർപ്പാടം.പി.ഒ,<br>പനമ്പുക്കാട്,<br>കൊച്ചി 682 504 | |
| 8 | E No. 6519891 | **ശ്രീ ജോസഫ് എ വി**<br>ആറുകണ്ടത്തിൽ ഹൗസ്<br>കോഞ്ഞുരുത്തി റോഡ്,<br>തേവര പി ഒ<br>കൊച്ചി 682 013 | |
| 9 | എച്ച്1/177/2020/ ഐ & പി ആർ ഡി | **ശ്രീ സി വി മിത്രൻ**<br>ഇടവിലങ്ങു പി ഒ<br>കൊട്ടുങ്ങല്ലൂർ ,<br>തൃശ്ശൂർ -680671 | പെൻഷൻ അപേക്ഷയിന്മേൽ നടപടികൾ സ്വീകരിക്കുന്നതിന്<br><br>ആവശ്യമായ എല്ലാ രേഖകളും ഹാജരാക്കുവാൻ നിർദ്ദേശം നൽകുവാൻ തീരുമാനിച്ചു . |
| 10 | എച്ച്1/33/2021/ ഐ & പി ആർ ഡി | **ശ്രീ. എസ് സുരേഷ്**<br>31/3302-1 , ശിവം ,<br>സർവ്വേ സ്കൂൾ റോഡ് ,<br>പേരൂർക്കട പി ഒ ,<br>തിരുവനന്തപുരം -695005 | അപേക്ഷകൻ 48-ാം വയസ്സിൽ സ്വയം വിരമിച്ചതിന്റെയും, പിന്നീട് മറ്റ് സ്ഥാപനങ്ങളിൽ ഒന്നും പത്രപ്രവർത്തകനായി ജോലി നോക്കാതിരുന്നതിന്റെ യും അടിസ്ഥാനത്തിൽ അപേക്ഷ നിരസിക്കാനും ഒടുക്കിയ അംശാദായ തുക തിരികെ നൽകുവാനും തീരുമാനിച്ചു. |
| 11 | എച്ച്1/181/2021 / ഐ & പി ആർ ഡി | **ശ്രീ. സി ഒ ടി അസ്സിസ്**<br>15/1561 -C , സാഹിറസ് ,<br>കുണ്ടുങ്ങൽ ,<br>കോഴിക്കോട് 673003 | ദുബായ് ആസ്ഥാനമായി പ്രവർത്തിക്കുന്ന മലയാളം ന്യൂസിൽപ്രവർത്തിച്ചിരുന്നെങ്കിലും, കേരളത്തിൽ പ്രവർത്തിച്ചിട്ടില്ലാത്തതിന്റെ അടിസ്ഥാനത്തിൽ അപേക്ഷ നിരസിക്കുവാൻ തീരുമാനിച്ചു. |
| 12 | എച്ച്1/167/18/ഐ&പി. ആർഡി | **ശ്രീമതി ലതാ മോഹനൻ**<br>W/o. Late എം.എൻ. മോഹനൻ<br>പാലാ മുണ്ടയ്ക്കൽ<br>എസ്.എച്ച്. മൗണ്ട്,<br>കോട്ടയം | പരേതനായ എം എൻ മോഹനൻ കുട്ടികളുടെ വാരികയായ ബാലരമയിൽ പ്രവർത്തിച്ചിരുന്നതിനാലും, നിലവിലെ വ്യവസ്ഥകൾ പ്രകാരം കുട്ടികളുടെ വാരികയിലും , മാസികകളിലും |

| | | | |
|---|---|---|---|
| | | | പ്രവർത്തിക്കുന്നവർക്ക് പത്രപ്രവർത്തക പെൻഷന് അർഹതയില്ലാത്തതിനാൽ ശ്രീമതി ലത മോഹനന്റെ ആശ്രിത പത്രപ്രവർത്തക പെൻഷൻ അപേക്ഷ നിരസിക്കാൻ തീരുമാനിച്ചു . |
| 13 | 34414/സി2/2016/ഐ&പിആർ<br><br>എച്ച്1/251/2018/ഐ&പിആർഡി | **ശ്രീമതി ജയലക്ഷ്മി എൻ**<br>W/o. Late എസ് എസ് റാം<br>റ്റി സി 28/2017, ശങ്കരവിലാസ്<br>ശ്രീകണ്ഠേശ്വരം, ഫോർട്ട് പി ഒ<br><br>തിരുവനന്തപുരം | ആവശ്യമായ എല്ലാ രേഖകളും ഹാജരാക്കുവാൻ നിർദ്ദേശം നൽകുവാൻ തീരുമാനിച്ചു . |
| 14 | എച്ച്1/147/2022/ഐ&പിആർഡി | **ശ്രീ രവിശങ്കർ ദാസ്**<br>ദേവിപ്രഭ,<br>ചിലോട്ടുകോണം ,<br>പൗഡിക്കോണം പി ഒ ,<br>തിരുവനന്തപുരം | ആശ്രിത പെൻഷൻ അപേക്ഷയിൽ, ടിയാനെ നോമിനിയായി നിർദ്ദേശിച്ചിട്ടില്ലാത്തതിനാൽ അപേക്ഷ നിരസിക്കുവാൻ തീരുമാനിച്ചു . |
| 15 | എച്ച് 1/253/2018/ഐ&പിആർ | **ശ്രീ പി ഉദയകുമാർ**<br>പുത്തൻപുരയ്ക്കൽ<br>കരീപ്പുഴ പി ഒ<br>പെരിനാട്<br>കൊല്ലം 691 604 | വേജ് ബോർഡ് ശിപാർശ നടപ്പിലാക്കിയിട്ടില്ലാത്തതിനാൽ അംഗത്വം നൽകേണ്ടതില്ലെന്ന് തീരുമാനിച്ചു . |
| 16 | എച്ച്1/266/2020-ഐ&പിആർ | **ശ്രീ സുകുമാരൻ മണി**<br>കലാകൗമുദി<br>പുബ്ലിക്കേഷൻസ് | ശ്രീ സുകുമാരൻ മണി, പത്രഉടമ ആയതിനാൽ അപേക്ഷ നിരസിക്കാൻ തീരുമാനിച്ചു . |
| 17 | എച്ച്1/3826385/2019/ഐ&പിആർ | **ശ്രീ മുഹമ്മദ്ഇമ്രാൻ അൻസാരി**<br>ഡി- 3 / 4 7 7 , നെഹ്റു വിഹാർ<br>ന്യൂഡൽഹി - 110094 | കേരളം ആസ്ഥാനമായുള്ള ചാനലുകളിൽ പ്രവർത്തിക്കുന്ന അന്യ സംസ്ഥാനക്കാർക്ക് അംഗത്വം അനുവദിക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ലാത്തതിനാൽ അപേക്ഷ നിരസിക്കുവാൻ തീരുമാനിച്ചു . |
| 18 | എച്ച്1/117/2020/ഐ&പിആർ | **ശ്രീ അജിത് കുമാർ എം കെ** | പത്രപ്രവർത്തക പെൻഷൻ പദ്ധതി 2 0 2 1 ഒക്ടോബർ മുതൽ ഓൺലൈനായി മാറിയതിനാൽ |

| | | | |
|---|---|---|---|
| | | | ടിയാനോട് ഓൺലൈൻ മുഖേന അപേക്ഷ സമർപ്പിക്കുന്നതിന് നിർദ്ദേശം നൽകുവാൻ തീരുമാനിച്ചു |
| 19 | എച്ച് 1/122/2018/ഐ&പിആർ | **ശ്രീ നഹാസ് എം നിസ്സാർ**<br>പൂളക്കൽ വീട്<br>പട്ടിക്കാട് പി ഒ<br>മലപ്പുറം - 679 325 | നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനത്തിൽ നിന്നുള്ള തൊഴിൽ സർട്ടിഫിക്കറ്റ് ലഭ്യമാക്കാത്തതിന്റെ അടിസ്ഥാനത്തിൽ അപേക്ഷ നിരസിക്കുവാൻ തീരുമാനിച്ചു |
| 20 | എച്ച്1/217/2018/ഐപിആർ | **ശ്രീ ആർ ബാലൻ**<br>No 7 , ത്രിശൂൽ<br>, ഉദയനഗർ<br>കരുടിക്കാട്<br>, പുതുശ്ശേരി<br>, പാലക്കാട് | തുറന്ന കത്ത് ദിനപത്രത്തിന്റെ റസിഡന്റ് എഡിറ്റർ ശ്രീ.എ.സുബ്രമണ്യത്തിന് പെൻഷൻ അനുവദിച്ചതുമായി ബന്ധപ്പെട്ട പരാതി സംബന്ധിച്ച് നിലവിൽ ഫയൽ ഉള്ളതിനാൽ തുടർ നടപടി ആ ഫയലിൽ തന്നെ സ്വീകരിക്കുവാൻ തീരുമാനിച്ചു |
| 21 | എച്ച്1/259/2018/ഐപിആർ | **ശ്രീ ജോസഫ് ചാണ്ടി,**<br>തെങ്ങണാകുഴിയിൽ ഹൗസ്, വില്ലൂന്നി പി.ഒ., ആർപ്പൂക്കര,<br>കോട്ടയം 686008 | ശ്രീ ജോസഫ് ചാണ്ടിയുടെ പേര് തെറ്റായി രേഖപ്പെടുത്തിയാണ് അംഗത്വം നൽകിയത് എന്നു വ്യക്തമായതിനാൽ തെറ്റ് തിരുത്തി ശ്രീ.ജോസഫ് ചാണ്ടി എന്നു തിരുത്തൽ വരുത്തി നൽകുന്നതിന് തീരുമാനിച്ചു |
| 22 | എച്ച്1/152/2019/ഐപിആർ | **ശ്രീമതി .അനു തോമസ്**<br>XI A,<br>അസറ്റ് കൊട്ടാരം<br>സൊസൈറ്റി റോഡ്,<br>മരട്.പി.ഒ, എറണാകുളം | പ്രസ്തുത അപേക്ഷ സാധാരണ അപേക്ഷയായി പരിഗണിച്ച് തുടർ നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചു . |
| 23 | എച്ച്1/11/18<br><br>(1466311/ സി2/2017) | **ശ്രീ. നിഖിൽ. റ്റി ഡി**<br>സീനിയർ കറസ്പോണ്ടന്റ് മനോരമ ന്യൂസ്, കോഴിക്കോട് | പ്രസ്തുത അപേക്ഷ സാധാരണ അപേക്ഷയായി പരിഗണിച്ച് തുടർ നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചു |

മാനേജിങ് കമ്മിറ്റി തീരുമാനപ്രകാരം പെൻഷൻ അനുവദിക്കാൻ തീരുമാനമായിട്ടുള്ള എല്ലാ അപേക്ഷകരും, ഉത്തരവ് തീയതി മുതൽ മാത്രമായിരിക്കും പെൻഷന് അർഹത നേടുന്നത്.

യോഗം 5 .55 pm ന് അവസാനിച്ചു